# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ : 774/11/12/2025/TVM**

പരാതികക്ഷി : ഡി. വേണുകുമാർ
പെരുന്തോട്ടത്തിൽ വീട്, പൂഴിക്കുന്ന്
എസ്റ്റേറ്റ് പി.ഒ, തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി – 03.06.2025**

30.08.2019 ന് മാതാവ് മരണപ്പെട്ടതിനെ തുടർന്ന് പരാതിക്കാരനും അച്ഛനും അമ്മയുടെ വസ്തുവിൽ പിൻതുടർച്ചാവകാശം നിശ്ചയിച്ച പ്രകാരം കരമടച്ച് വരുന്നതായിരുന്നുവെന്നും 19.08.2024 ന് പിതാവും മരണപ്പെട്ടെന്നും ഏക അവകാശിയായ പരാതിക്കാരൻ പിൻതുടർച്ചാ പോക്കുവരവിന് വില്ലേജ് ഓഫീസിൽ അപേക്ഷിച്ചെങ്കിലും വില്ലേജ് ഓഫീസർ പല തരത്തിൽ ബുദ്ധിമുട്ടിക്കുകയാണെന്നും മറ്റുമാണ് ആരോപണം.

2. തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ) 02.03.2025 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. അന്വേഷണത്തിൽ പിന്തുടർച്ച പോക്കുവരവിന് വേണ്ടി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും പരാതിക്കാരൻ അപേക്ഷയും ആവശ്യമായ രേഖകളും ഹാജരാക്കുന്ന മുറക്ക് പിന്തുടർച്ച / അവകാശ വിചാരണ പോക്കുവരവ് നടപടിക്രമത്തിനു അനുസൃതമായി കരം ഒടുക്കി നൽകുന്നതാണെന്നും നേമം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നാണ് റിപ്പോർട്ട്.

3. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ആവശ്യമായ രേഖകൾ സഹിതം പരാതികക്ഷി വ്യക്തമായ അപേക്ഷ ഈ ഉത്തരവിന്റെ പകർപ്പ് സഹിതം നേമം വില്ലേജ് ഓഫീസർക്ക് കൊടുക്കുക. പ്രസ്തുത അപേക്ഷയുടെയും രേഖകളുടെയും പകർപ്പുകൾ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്കും കൊടുക്കുക. അപ്രകാരം അപേക്ഷ ലഭിച്ച് നാലാഴ്ചക്കുള്ളിൽ ടിയാന്റെ അപേക്ഷയിൽ തീരുമാനമെടുത്ത് വിവരം രേഖാമൂലം വില്ലേജ് ഓഫീസർ ഹർജിക്കാരനെ അറിയിക്കണം. ഹർജിക്കാരന്റെ പരാതിയിൽ മേൽ കാലയളവിനുള്ളിൽ തീരുമാനമെടുത്ത് പരാതി പരിഹരിച്ചുവെന്ന് തഹസിൽദാർ ഉറപ്പാക്കണം. മേൽ നിർദ്ദേശങ്ങളോടെ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. പരാതിക്കാരനും വില്ലേജ് ഓഫീസർക്കും തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്കും ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.